## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2802    18.06.2018ൽ മറുപടി നൽകേണ്ടത്.

## സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.വി.ഡി.സതീശൻ | | | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ 33 സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് സ്കൂളുകളാക്കിയ ഉത്തരവ് ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള 33 സ്പെഷ്യൽ സ്കൂളുകൾക്ക് 09.02.2016 ലെ സ.ഉ.(എം.എസ്) നം.38/2016/പൊ.വി.വ പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 01.01.16 മുതൽ 30.04.16 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുന:പരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുന:പരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് ബഡ്സ് സ്കൂളുകളടക്കമുള്ള ഈ വിഭാഗത്തിൽപ്പെട്ട എല്ലാ സ്പെഷ്യൽ സ്കൂളുകളേയും സംബന്ധിച്ച ഒരു സമഗ്ര പാക്കേജിന് രൂപം നൽകുന്നത് കുട്ടികൾക്ക് കൂടുതൽ പ്രയോജനം ചെയ്യും എന്ന് കണ്ടെത്തുകയും അതിനായി സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കുന്ന നിർദ്ദേശങ്ങൾ കൂടി പരിശോധിച്ച് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | ക്യാബിനറ്റ് സബ് കമ്മിറ്റിയുടെ ഇതിന്മേലുള്ള തീരുമാനം എന്തായിരുന്നു; വിശദമാക്കുമോ; | | |
| (സി) | പ്രസ്തുത സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്ന കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ